<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനാറാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6035 19.11.2019 -ൽ മറുപടിയ്ക്ക്

<u>ടൂറിസം മാർക്കറ്റിംഗ്</u>

| ചോദ്യം<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.എൽദോ എബ്രഹാം : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി | |
|---|---|---|---|
| എ) | ഈ സർക്കാർ നിലവിൽ വന്നശേഷം സംസ്ഥാന ടൂറിസം വകുപ്പ് മാർക്കറ്റിംഗിന്റെ ഭാഗമായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന ടൂറിസം വകുപ്പ് മാർക്കറ്റിംഗിന്റെ ഭാഗമായി വിവിധങ്ങളായ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇന്ത്യക്കകത്തും പുറത്തും ബ്രാന്റ് ക്യാമ്പയിനുകൾ സംഘടിപ്പിച്ചു. "IT'S Time for Kerala", Come out and Play, Human by Nature എന്നിവയാണ് ഇതിൽ പ്രധാനം.<br>ഇന്ത്യക്കകത്തും പുറത്തും നടത്തിയ ഔട്ട് ഓഫ് ഹോം, എയർപോർട്ടുകൾ, മാളുകൾ. ടി.വി, റേഡിയോ, പ്രിന്റ് എന്നീ മാധ്യമങ്ങൾ വഴി പ്രചരണ പരിപാടികൾ നടപ്പിലാക്കി വരുന്നു. ഡിജിറ്റൽ/ഓൺലൈൻ പ്രചരണവും നടത്തുന്നു.<br>അന്തർദേശീയ തലത്തിൽ ഏറ്റവും കൂടുതൽ അനുവാചകർ ഉള്ള ബ്ലോഗർമാരെ അണിനിരത്തിക്കൊണ്ട് കേരള ബ്ലോഗ് എക്സ്പ്രസും സംഘടിപ്പിച്ചിരുന്നു. |
| ബി) | ടൂറിസം മേഖലക്ക് പുത്തനുണർവ് നൽകുന്ന പുതിയ ടൂറിസം ഉല്പന്നങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിവരങ്ങൾ അറിയിക്കുമോ; | ബി) | ടൂറിസം മേഖലക്ക് പുത്തനുണർവ് നൽകുന്ന പുതിയ ടൂറിസം ഉല്പന്നങ്ങളും ഈ കാലയളവിൽ ആവിഷ്കരിച്ചിട്ടുണ്ട്.<br>എ) വസന്തോത്സവം-പുഷ്പ-ഫല-കാർഷിക പ്രദർശനം<br>ബി) നിശാഗന്ധി മൺസൂൺ രാഗാസ്-സംഗീതോത്സവം<br>സി) ചാമ്പ്യൻസ് ബോട്ട് ലീഗ്-വള്ളംകളി ലീഗ് ചാമ്പ്യൻഷിപ്പ്. |

| | | | |
|---|---|---|---|
| സി) | ടൂറിസം വകുപ്പ് പ്രധാനപ്പെട്ട ടൂറിസം ഉല്പന്നങ്ങൾ സംബന്ധിച്ച് ടൂറിസ്റ്റുകൾക്കായി ടൂറിസം കലണ്ടർ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | സി), ഡി) & ഇ) | ടൂറിസം വകുപ്പ് പ്രധാന ഉല്പന്നങ്ങൾ സംബന്ധിച്ച് ടൂറിസ്റ്റുകൾക്കായി പ്രത്യേകമായി ടൂറിസം കലണ്ടർ പ്രസിദ്ധീകരിച്ചിട്ടില്ല. ചാമ്പ്യൻസ് ബോട്ട് ലീഗ് ഉൾപ്പെടെയുളള പുതിയ ഉല്പന്നങ്ങൾ സംബന്ധിച്ച് കൃത്യമായ അറിയിപ്പ് സഞ്ചാരികൾക്കും വിനോദസഞ്ചാര മേഖലയ്ക്കും വിവിധ മാധ്യമങ്ങളിലൂടെ നൽകിയിട്ടുണ്ട്. വിദേശികൾ ഉൾപ്പെടെയുളളവരുടെ സഞ്ചാര പദ്ധതികളിൽ ചാമ്പ്യൻസ് ബോട്ട് ലീഗ് ഉൾപ്പെട്ടിട്ടുണ്ട്. |
| ഡി) | പുതിയ ടൂറിസം ഉല്പന്നങ്ങൾ ടൂറിസം കലണ്ടറിൽ ഉൾപ്പെടുത്തി അന്താരാഷ്ട്ര തലത്തിലടക്കം മാർക്കറ്റിംഗ് നടത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനു വേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | | |
| ഇ) | ചാമ്പ്യൻസ് ബോട്ട് ലീഗ് വള്ളം കളി ടൂറിസം കലണ്ടറിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ